**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5536** **13-08-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ഈ സർക്കാർ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സ്വന്തമായി വരുമാനം വർദ്ധിപ്പിക്കുന്നതിനുമുതകുന്ന പ്രത്യേകമായ പദ്ധതികൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ദേവസ്വം ബോർഡുകൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയ്ക്ക് പരിഹാരം കാണുന്നതിനുമായി 13/07/2021-ന് ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ദേവസ്വം പ്രസിഡന്റുമാരുടെ സംയുക്ത യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | കോവിഡ് പ്രതിസന്ധി ക്ഷേത്ര ജീവനക്കാരുടെ വേതനം, പെൻഷൻ എന്നിവയെ ബാധിക്കാതിരിക്കാൻ സർക്കാർ പ്രത്യേകമായ സഹായം ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. കോവിഡ് മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്ക് സർക്കാർ ആകെ 175.07 കോടി രൂപ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡ് - 100 കോടി 80 ലക്ഷം (കോവിഡ് പാക്കേജ് ഇനത്തിൽ 10 കോടിയും , 2019-20, 2020-21 വർഷങ്ങളിൽ വാർഷിക വിഹിതം ഇനത്തിൽ കുടിശ്ശികയായ 80 ലക്ഷം രൂപയും നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചു) കൊച്ചിൻ ദേവസ്വം ബോർഡ് - 25 കോടി മലബാർ ദേവസ്വം ബോർഡ് - 49.12 കോടി കൂടൽമാണിക്യം ദേവസ്വം - 15 ലക്ഷം |
| (സി) | ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും, ദേവസ്വം ബോർഡുകളുടെ സംയുക്ത നിയന്ത്രണത്തിൽ സംസ്ഥാനതലത്തിൽ താന്ത്രികപഠന കേന്ദ്രം സ്ഥാപിക്കുന്നതിനും പദ്ധതി തയ്യാറാക്കുന്നതിന് | (സി) | ഉണ്ട്. ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ദേവസ്വം ബോർഡുകൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയ്ക്ക് പരിഹാരം കാണുന്നതിനുമായി 13/07/2021-ന് ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ദേവസ്വം |

| | | | |
|---|---|---|---|
| | തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | | ബോർഡുകളുടെ സംയുക്ത യോഗത്തിൽ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാതൃക വിദ്യാഭ്യസ സ്ഥാപനങ്ങളാക്കുന്നതിനും ദേവസ്വം ബോർഡുകളുടെ സംയുക്ത നിയന്ത്രണത്തിൽ സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന താമസ സൗകര്യത്തോടുകൂടിയ ഒരു താന്ത്രിക പഠന കേന്ദ്രം സ്ഥാപിക്കുന്നതിനും പദ്ധതി തയ്യാറാക്കി സമർപ്പിക്കുവാൻ ദേവസ്വം ബോർഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ